## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 24.09.2025 മുതൽ 28.09.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2025 (76) ചൊവ്വാഴ്ച | തീയ്യതി 23/09/2025 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 24.09.2025 | 25.09.2025 | 26.09.2025 | 27.09.2025 | 28.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 5 | 4 | 7 | 9 | 8 |
| ഉയർന്ന താപനില (°C) | 31 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 320 | 320 | 230 | 200 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത. 2025 സെപ്റ്റംബർ 25 മുതൽ 27 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| നെല്ല് | ഇലപ്പേനുകൾ | പാടത്ത് വെള്ളം കെട്ടി നിർത്തി കീടത്തെ നിയന്ത്രിക്കാം. കീടാക്രമണം രൂക്ഷമായാൽ കീടനാശിനിയായ തൈയാമീതോക്സാം 25 WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) തളിക്കുക |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, 3 ഇല കവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ മണലും വേപ്പിൻ പിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20 ഗ്രാം കാർട്ടാപ്പ് ഹൈഡ്രോക്ലോറൈഡ് 4G/ ഫിപ്രോനിൽ 0.3G/ കാർബോസൽഫാൻ 6Gഎന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇലകവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നു പ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇലക്കവിളിൽ ഇറക്കി വെക്കുകയും ചെയ്യുക. |
| ഇഞ്ചി | തണ്ടുതുരപ്പൻ പുഴു | ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |

മൃഗസംരക്ഷണം-: എലിപ്പനിക്കും, പരാദ രോഗങ്ങൾക്കുമെതിരെ ജാഗ്രത പുലർത്തുക. ശരീരത്തിലുണ്ടാകുന്ന മുറിവുകൾക്ക് അടിയന്തിര ശ്രദ്ധ നൽകുക. കന്നുകാലി ഷെഡ്ഡും പരിസരവും ശുചിയായി സൂക്ഷിക്കുക. (CAADECCS, KVASU, Mannuthy)